# #ASH TAG

MKHMMO VHSS FOR
GIRLS MUKKAM

In the name of God
Most gracious most merciful
praise be to god lord of words,
the beneficent the merciful
owner of the day of judgement
thee along the worship
thin help we seek
The path of those you
have blessed,not of those
who have earned
your anger,nor those you
have gone astray

## Editorial Board:-





*Hisana Fathima .N*
**chief Editor**

*Irin Akber*
**Editor**

## Sub editors:-

HADIYA MINU

RENNA JEBIN.K.K

FATHIMA NAFIYAK.K

FATHIMA UNAISA

FIDHA SHERIN

FARSANA FEBIL

NEBLA FATHIMA

SHAHANA MARIYAM

# ആമുഖം

പുതിയ കാലത്ത് മാറിയ ലോകത്ത് വിദ്യാർത്ഥികളുടെ സർഗരചനകൾ പ്രദർശിപ്പിക്കാൻ ടിജിറ്റൽ ടെക്നോളജി ഉപയോഗപ്പെടുത്തി തയ്യാറാക്കിയ മാഗസിനാണ് 'HASH TAG' പ്രിന്റിംഗ് രീതികളിൽ നിന്നും മാറി ഈ മാഗസിൻ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലാണ് തയ്യാറാക്കിയത്.ഞങ്ങളുടെ രചനകളും പേജ് ഡിസൈനുകളും എല്ലാം നിങ്ങൾക്ക് ഇഷ്ടപ്പെടുമെന്ന് കരുതുന്നു

- Editorial board

# ആശംസകൾ



**V.Kunjan master**

Mukkam municiple chairman

Mkhmmo Vhss for Girls ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഒരുക്കുന്ന "HASHTAG" ഡിജിറ്റൽ മാഗസിൻ വിദ്യാർത്ഥികളുടെ ക്രിയാത്മക ഇടപെടലിന്റെ മികച്ച ഉദാഹരണമാകട്ടെ.... എല്ലാവിധ ഭാവുകങ്ങളും നേരുന്നു...

# ആശംസകൾ



P.Abdu

Head master

ഈ വിദ്യാലയത്തിലെ "ലിറ്റിൽ കൈറ്റ്" ക്ലബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഈ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.ഐ.ട്ടി മേഖലയിൽ താത്പര്യം ജനിപ്പിക്കാനും, പഠനത്തിൽ സാങ്കേതിക വിദ്യ പരമാവധി ഉപയോഗപ്പെടുത്തുക എന്നത് ഒരു സംസ്കാരമാണ് .കുട്ടികളെ വളർത്തികൊണ്ട് വരാനും ,ഈ ഉദ്യമം സഹായകരമാവട്ടെ എന്ന് ആശംസിക്കുന്നു.മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച വിദ്യാർത്ഥിനികൾക്കും നേതൃത്വം നൽകിയ അധ്യാപകർക്കും എല്ലാ വിധ ഭാവുകങ്ങളും


# ആശംസകൾ



**Noushad chembra**
PTA president


ഇന്ന് അനന്തമായ സാധ്യതയുള്ള ഒരു മേഖലയാണ് ഇൻഫോർമേഷൻ ടെക്നോളജി (IT ) മേഖല മനുഷ്യ സമൂഹത്തിന് ഒഴിച്ച് കൂടാൻ പറ്റാത്തതാണ് കമ്പ്യൂട്ടറിന്റെയും , മൊബൈൽഫോണിന്റെയും വരവോടു കൂടി ലോകത്ത് വിപ്ലവകരമായ മാറ്റമാണ് നടന്നിട്ടുള്ളത്.ലോകത്തിന്റെ ഏതു കോണിലുള്ളവരെയും നമ്മുടെ വീട്ടിലിരുന്ന് കാണാനും , സംസാരിക്കാനും കഴിയുക എന്നുള്ളത് കുറച്ചു വർഷങ്ങൾക്കു മുമ്പ് വിശ്വസിക്കാൻ പറ്റാത്തതായിരുന്നു. എന്നാൽ ഇന്ന് നമ്മൾ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു ഒരു രാജ്യത്തിന്റെ പുരോഗതിക്ക് ഏറ്റവും അനിവാര്യമാണ് IT പക്ഷെ ഇപ്പോഴും IT മേഖലയിൽ വിദഗ്ധരായ ഉദ്യോഗാർത്ഥികളെ കിട്ടാൻ വേണ്ടി പല മൾട്ടി നാഷണൽ കമ്പനികൾ പോലും

അന്വേഷിച്ചു കൊണ്ടിരിക്കുകയാണ് വരും കാലങ്ങളിലും IT ക്ക് വൻ സാധ്യതയാണ് ലോകം തുറന്നിട്ടിരിക്കുന്നത്. ഈ സാദ്ധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് തന്നെ സ്കൂൾ തലം മുതൽ തന്നെ ഇതിന് വേണ്ടി വിദ്യാർഥികൾ പരിശ്രമിക്കണം എന്നാണ് ഈ അവസരത്തിൽ എനിക്ക് നിങ്ങളോട് ഓർമപ്പെടുത്താനുള്ളത്. എല്ലാവർക്കും നല്ലൊരു ഭാവി ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. അതോടൊപ്പം ഈ മാഗസിനും എല്ലാവിധ ആശംസകളും അറിയിക്കുന്നു



*“ A good book is even valuable than a cheque book”*

**-Mahathma Gandhi**



The great father of our institution

# Moideen koya haji



Head Master

**P.Abdu sir**

KITE Mistress :-



Saleeena



Sajla C.I



Staff Secretary

**Abdul Rasheed**



Vijayolsavam Convenor

**Harshal**



In charge of JRC

**Khadeeja**



Guides Captain

**Praveena**



In charge of Health department

**Shamila**



SITC

**Ismail P.K**



STAFFS




TEAM LITTLE KITEs

# Index

1. Girls can.....
2. Raindrops
3. Mom
4. ഇഷ്ടകാലം
5. The examination
6. miracles of nature
7. In dreams of developed Indian
8. പൈസക്കാരൻ പാപ്പർ
9. മഴത്തുള്ളി
10. മാതൃകാപരമായ വിദ്യാർത്ഥി
11. പ്രളയം
12. മൂന്നക്ഷരം
13. നീറ്റിലെ പോളയ്ക്ക് തുല്യമാം ജീവിതം
14. ഐക്യകേരളം 61 വയസ്സ്
15. Joe,the princess
16. അറ്റമില്ലാത്ത ഓട്ടം
17. ഒരു വിലാപം
18. കണ്ണീർപാട്ടുകൾ
19. സഹനം
20. പെൺനൊമ്പരം
21. കയർ
22. മഴയുടെ ഇരുണ്ട മുഖം
23. ഏകാന്തതയുടെ മടിത്തട്ട്
24. അമ്മുവിന്റെ ശബ്ദം

25. കണ്ണീർ മഴ
26. പ്രളയമേഘങ്ങൾ
27. ഏട്ടൻ
28. വായനയെ കുറിച്ച് അവർ.......
29. കൃഷി ചൊല്ലുകൾ
30. شجرة كشمش
31. الحمد الله
32. हिन्दी : हमारी राष्ट्र भाषा
33. माँ

# Girls can....



A student can do something very great in reforming their society. The new generation children filled with knowledge in their minds. They can prevent the society from the new lovable fashions like throwing garbage,caste discrimination,of inequality between boys and girls etc....

The important among them is inequality between boys and girls. We students can fight against such inequalities. And it has been done also. A young heroine,Malala Yousafzai,has fought for against the right of girls in education. And there are many things to know. She is a Pakistani student. She is 15v years old. That is the main point. And in schools the social studies teachers are encouraging students to be like her. And now even the Pakistan government is trying to issue a stamp in her name. Some evil minded people

said that she had done a crime. She has been punished for it with eleven bullets.

In our school there is only girls, but we have never faced any problem regarding to it.We have achieved a lot even there is not a boy in our campus. Our achievement prove that ,Not only boys can be at higher levels but also girls.

*" One pen*
*One book*
*One teacher*
*One child can change*
*the world"*
*-Malala*



Hisana Fathima .N
IX A

# Raindrops

“oh,my god..not again”said Raju by looking to the non-stopping rain.

“Mummy..mummy..” Raju called loudly. His mother said angrily:

“Don't scream Raju let me cook breakfast for you...”

“Mummy,its been a long time I am waiting for breakfast”Raju said.

”Be patient”His mother said.

Raju was cursing rain as he cannot play with his friends since its raining.

His mother brought breakfast for him to the dining hall. He was still observing the rain. His mother called his name aloud:

“Raju....Raju...Come on dear....the breakfast is ready and its on the table....Come and eat it”.

Raju was lost in his dreams. He was awaken by a strong wind. Suddenly he got up and went to dining hall.

He started eating breakfast,it was dosa.

His grandmother came to the hall, and sat beside him. He said:

"Mummy...dosa tastes good..you are such a good cook..proud of you mummy".

His mother said:

"the dosa tastes as good as usual..you haven't said any good words of my cooking...there should be a reason for your good words".

Suddenly his grandmother smiled and asked him:

"Raju,dear,What do you want?I know that you are in need of something and that you are pleasing your mother for it..don't you?".

Raju said:

"Grandma,Today Me and two of my friends,Ram and John,have planned to go to the river near,Let me go grandma?"

Grandmother said:

"Raju, as its raining so heavily,don't go to the river".

His mother filled it "you can go to the river with your friends on some other day".

It was time for lunch,the rain was even stronger than before. "Raju...Raju....."called Ram. Raju came to the sit out. "Aren't you coming to the river?"asked Ram.

"No"replied Raju."My mother didn't allow me...you guys go and enjoy".

John asked him"are you sure?".

Raju said unwillingly"yeah,".

Raju looked at them going,he was so sad.

After declaring one month leave,Raju is been at home these boring days.Raju said himself "Every one has gone....Only I am sitting at home....its really boring".

In evening,Raju went to shop for

buying some accessories and He met little anna on the way. He returned to home. He again sat in sit out.

He saw someone was coming towards his home and later he understood it was his neighbour, radhika sister and also she is Ram's mother. Her face looked pale and also she was panting.

“Ram...Ram and John....” she weeped.

His mother came to sit out and asked radhika about her sadness.

Radhika sister said

“Ram and John..Today....they went to....river...and...Ram slipped to the depth of river...John tried to help Ram and he too got slipped...John is taken to hospital...”

She cried so hardly.

Raju got shocked by hearing this news. In that minute he thought about the happiest moments they spent together. He suddenly asked:

“What about Ramu?”.”The police squad

are still searching for his body...".

Raju's mother helped Radhika sister to wipe out her sadness. Raju said himself :

"If I have gone with them to river may I....."without completing it,He suddenly ran to his mother and hugged tightly. He recalled the proverb "at first,Elders words and gooseberry will be bitter,later that will turn to sweet".

,



Asmitha
IX F

# MOM



Mom is such
a special word
the loveliest
I've ever heard

A toast to you
above all the rest
mom you are so special
you are simply
the best

# ഇഷ്ടകാലം



കുളിരാർന്ന കൈകളാലെന്നെ തലോടുന്ന
പുലരിവന്നിന്നെന്റെ മുന്നിൽ നിൽക്കേ
ഓർമ്മതൻ ജാലകപ്പാളി തുറന്നു ഞാൻ
ബാല്യത്തിൽ കോലായിലെത്തി നോക്കി
ഇറയത്തു ഞാനിറക്കീട്ടും കടലാസു-
തോണികൾ തപ്പിതടഞ്ഞു നിൽപ്പൂ

മഴപെയ്തു തോർന്നൊരാ മാനത്തു നിന്നൊരു
മഴവില്ലിലേക്ക് നോക്കി പുഞ്ചിരിപ്പൂ
പുള്ളിച്ചിയേയും പരലിനേയും പിടി-
ച്ചൊരു ചില്ലുഭരണിയിലടച്ച നാളിൽ
തോടും കുളവും പുഴയുമെല്ലാം മുറ്റ-
ചങ്ങാതിമാരായി തീർന്നിരുന്നു.
പുത്തനുടുപ്പിട്ട് പുള്ളിക്കുടയുമായ്
പുസ്തകഭാരവും ചുമലിലേറ്റി

മഴവെള്ളം തട്ടിതെറിപ്പിച്ചു കൊണ്ടു ഞാൻ
മഴയുടെ കൂടെ നടന്ന കാലം.
ഒരുമിച്ചിരുന്നുണ്ടും കഥ പറഞ്ഞും
ഒത്തിരിപൊട്ടിക്കരഞ്ഞ നാളിൽ
മനസ്സിന്റെ നീറലുകൾ മായ്ക്കുവാനാ-
യോടിയടുത്തൊരാ സൗഹൃദങ്ങൾ

ഹൃദയത്തിൽ പുസ്തകത്താളിലൊളിപ്പിച്ച
കൗതുക പീലി പെരുകും കാലം
മാമ്പൂവിൻ മണമുള്ള ഓർമ്മതൻ തൊടികളിൽ
അണ്ണാരക്കണ്ണനായ് പാഞ്ഞകാലം
മനസ്സിന്റെ പരിഭവപ്പോറലുകൾ മായ്ക്കുവാൻ
ഒരു മഷിത്തണ്ടു പറിച്ചകാലം

പൊന്നിലഞ്ഞിപ്പൂക്കൾ മാലയായ് കോർത്ത്
മണവാട്ടിയായി നിനച്ച കാലം
പാവക്കിടാവിനെ പാൽക്കൊടുത്തീടുവാൻ
അമ്മയെപ്പോലെ ചമഞ്ഞ കാലം
നങ്ങേലിയമ്മതന്നുണ്ണിയെ കട്ടൊരാ
ഭൂതത്തെയോർത്തു കരഞ്ഞ കാലം
മുത്തശ്ശിക്കഥയിലെ രാജകുമാരന്റെ
റാണിയായ് മാറിയോരോർമ കാലം

തീക്ഷ്ണതയേറുന്ന നട്ടുച്ചവെയിലുപോൽ
യൗവ്വനം കത്തിജ്വലിക്കുമ്പോഴും

## HASH TAG

അസ്തമയത്തിന്റെ അന്തിചുവപ്പുമായ്
വാർദ്ധക്യമെന്നിൽ ശയിക്കുമ്പോഴും
ഓർമ്മയാലൂഞ്ഞാലു കെട്ടി ഞാൻ വീണ്ടുമി-
ന്നാടുന്നു ബാല്യത്തിൻ തിരുമുറ്റത്ത്...



Nadhi A.S
VIII B

# The examination

God is the greatest examiner
we are all his students

the life is the answer paper
on which we explain our deeds
the world is the exam hall
where we are sitting
to take a real exam

the maximum time allowed
is only three hours
the first hour bells the childhood
the second is youth
with the third follows old age

the bell of last hour
it is run by the messenger
of god
exam will be over
answer books will be snatched
so write down what ever
you have to write

don't try to cheat,as
examiner is everywhere..



Hisana Fathima.N
IX A

# THE MIRACLES OF NATURE

Nature! Nature! So lush and green, the wonder of wonder anyone has seen so cool.

calm and full of life makes us all. our strife thinks of a forest full of trees .

Fluttering and dancing in the breeze cut them down and construct towers wait for age us to get a shower.

The birds that sour high in the sky can we imitate them .however had we try learn to wonder and gape at things and see the happiness it brings.

We have got such wonderful things do what you can and save a

wing so that our children in future can see the things we have natured.

# IN DREAMS OF A DEVELOPED INDIAN



Love for ones motherland is natural and instinctive. Everyone wants their country at the top of glory success and development.

In my view India is the best democratic country in the world but it is not a credit when we Indians doesn't value democracy.

So,in my dream Indian should obey as well as respect the democratic rules and regulations"India must stand up to the world"our former president A.P.J Abdul kalam said these words. It is the dream of every Indians including me.

Youth is the strength,so as the new generation it is our duty to build up a perfect India ,not through dialogues but through actions. so,work for nation to fulfill every Indian's dream.



`Hisana Fathima.N
IX A

HASH TAG



# പൈസക്കാരൻ പാപ്പർ

പ്രളയമെന്ന മൂന്നക്ഷരത്തെ കരുതിയതാണെന്റെ തെറ്റ്
കരുതാത്ത തെറ്റിനു അരുതാത്തതായത് പ്രളയമെന്ന തെറ്റും
കണ്ണീരിന്റെ കടലായ് പെയ്തിറങ്ങുമ്പോഴും
കണ്ടില്ലേ ദൈവമേ...നീ ഈ തെറ്റ്

കാടിന്റെ കാട്ടാറും നാടിന്റെ നദിയും
പിന്നീട് പോകുന്നാ കടലിലേക്ക്
പെട്ടന്ന് നിന്നപ്പോഴല്ലേ അറിയുന്നു
ഇത്രയും ബഹുമാനം ഉണ്ടവർക്ക്

അരുതായ്മ ചെയ്തത് ഞാൻ തന്നെയാണ്
പായുകയാണിന്ന് സത്യം...
കുന്നില്ല കരയില്ല നിൽക്കാനൊരിടമില്ല
ഉണ്ണാനും ഉറങ്ങാനും കഴിയുന്നില്ല

ദുരിതങ്ങൾ മഴയായ്
കുന്നിന്റെ മനസ്സുമായ്
പുഴയുടെ കണ്ണീരുമായ്
പ്രളയത്തിൻ സഫലവുമായ്

നാടിനെ അറിയുന്നു ഞാൻ
ഇങ്ങനെ ഒരു മനം ഉള്ളിലിരിപ്പുണ്ടെന്ന്

## HASH TAG

പാപ്പരും പിശുക്കനും കൈകൊണ്ട് കോർത്തതും
കേരളത്തിൻ ഐക്യം മത്രയും
സൗധങ്ങൾ കെട്ടി പടുത്തോർക്കും നാണമില്ല
കുടിലിന്റെ അത്താണിയോടൊപ്പമിരിക്കാൻ
അന്നവിടെ! പൈസക്കാരൻ പിശുക്കൻ
ഇന്നിവിടെ പാപ്പർ പെരുമയിലായ
എങ്കിലും ഉണ്ടവിടെ സ്നേഹത്തിൻ പ്രാവുകൾ
ഒപ്പമിരുന്ന് സല്ലപിക്കാൻ
ഒപ്പമിരുന്ന് പറ പറക്കാൻ

# മഴത്തുള്ളി



മഞ്ഞുത്തുള്ളിയായ് ഞാൻ പൊഴിയുമ്പോൾ
കാറ്റേ നീ ഒഴുകിവരില്ലേ
പേമാരിയായ് ഞാൻ പെയ്യുമ്പോൾ
ഇടിയും മിന്നലും കൂടെവരും
ഞാൻവരുമ്പോൾ നിറയും
വരണ്ട ജലാശങ്ങൾ
ചൂടിനെയകറ്റി നിന്നിൽ തണുപ്പേകും
എന്തുരസം എന്തൊരാനന്ദം
എന്തൊരാമോദമാണീ മഴത്തുള്ളി!

# മാതൃകാപരമായ വിദ്യാർത്ഥി



വിദ്യാർത്ഥികൾ,ഒരു രാജ്യത്തിന്റെ ഭാവി പ്രതീക്ഷയാണ്. അവരുടെ മനസ്സ് കളിമണ്ണ് പോലെയാണ്,ഏതു രൂപത്തിലേക്ക് വേണമെങ്കിലും അത് മാറ്റിയെടുക്കാം.അത് കൊണ്ട് തന്നെ അവരെ നേരായ വഴി പഠിപ്പിച്ച് വളർത്തി എടുക്കൽ വളരെ അത്യാവശ്യമാണ്.അവന്റെ സ്വഭാവം രൂപപ്പെടുന്നതിൽ അവൻ ജീവിക്കുന്ന ചുറ്റുപാടും പ്രകൃതിയും കാരണമാകുന്നു.

ഒരു വിദ്യാർത്ഥിയുടെ ഏറ്റവും അത്യാവശ്യമായ സ്വഭാവ ഗുണം,അച്ചടക്കമാണ്.അവൻ വളരെ അച്ചടക്കത്തോടെയും ചിട്ടാനടപടികളോടെയും കൂടെ ജീവിക്കണം. അവൻ വിദ്യാർത്ഥിയായിരിക്കുമ്പോയായിരിക്കും, അവന്റെ ജീവിതത്തിലെ വ്യക്തിത്വ രൂപീകരണ സമയം.സാമാന്യബോധമില്ലാത്ത വിദ്യാർത്ഥി നൂലറ്റ പട്ടം പോലെയായിരിക്കും.അവൻ അനുസരണയുള്ളവനും അതുപോലെ തന്നെ സൂക്ഷ്മതയുള്ളവനുമായിരിക്കണം.അവൻ അവന്റെ മുതിർന്നവരെ ബഹുമാനിക്കുകയും വിജ്ഞാനം ആർജിക്കുകയും

വേണം, എന്നാൽ അവൻ ഭാവിയിൽ ഒരു നല്ല നാട്ടുകാരനായി മാറും.ഒരു നല്ല വിദ്യാർത്ഥി നല്ല വണ്ണം പഠിപ്പിക്കണം.

അവൻ പഠിക്കുക മാത്രമല്ല മറ്റുള്ളവരെ പഠിക്കാൻ അനുവദിക്കുകയും മറ്റുള്ളവർക്ക് തന്റെ അറിവ് പകർന്ന് മറ്റുള്ളവർക്ക് തന്റെ അറിവ് പകർന്ന് കൊടുക്കുകയും വേണം.അവന്റെ വിലപ്പെട്ട സമയം അവൻ പഠിക്കാൻ ഉപയോഗപ്പെടുത്തണം. ഒരു നല്ല വിദ്യാർത്ഥി അവന്റെ മനസ്സിനെ പാകപ്പെടുത്താനും അറിവ് സമ്പാദിക്കാനും വേണ്ടി നല്ല പുസ്തകങ്ങൾ വായിക്കുന്ന ശീലം തുടങ്ങണം ഇന്നത്തെ വിദ്യാർത്ഥി, നാളത്തെ നമ്മുടെ രാജ്യത്തിന്റെ പൗരനാണ്.അവർ ആരോഗ്യമുള്ളവരും ശക്തരും ആവൽ വളരെ ആവശ്യകരമാണ്.ഒരു രാജ്യത്തിന്റെ പ്രശസ്തിയും അഭിമാനവും,ശക്തരായ പൗരന്മാരെ കൂടാതെ നിലനിൽക്കപ്പെടുകയില്ല.



**Aysha Nasrin**
**IX B**

# പ്രളയം

പുസ്തകത്താളിലെ ഇരുപതാം പേജിൽ
അവനത് ആദ്യമായി കണ്ടു
'രണ്ടായിരത്തി പതിനെട്ട്"
വലുതായി തന്നെ കൊടുത്തിട്ടുണ്ട്
അച്ഛന്റെ കെട്ടിടത്തിലിരുന്ന്
ഇന്റർനെറ്റിലൂടെ പിന്നേയുമത് കണ്ടു
നെറ്റ് പത്തുവർഷമൊക്കെ
പിന്നോട്ടേക്കോട്ടുമല്ലോ

എ.സി മുറിയിലെ തണുപ്പത്ത്
പോപ്പ്കോൺ കൊറിച്ചപ്പോൾ
എൽ.ജി ടിവിയിലും അതു തന്നെ
'ഓർമകളിലൂടെ' റിയാലിറ്റിഷോയായി-
രുന്നല്ലോ അത്

ഫെയ്സ്ബുക്കിലെ താളുകളിലും
അവ തന്നെ ആയിരുന്നു
അത് അവനൊരു ലഹരിയായി
ലൈക്ക് നൂറ് തികയാൻ

## HASH TAG

അവനും ഒരു കുറിപ്പെഴുതി
നല്ലൊരു തലക്കെട്ടും കൊടുത്തു
തപ്പി തപ്പി ടൈപ്പ് ചെയ്തു
പ്ര..പ്ര...പ്രള..പ്രളയം

# മൂന്നക്ഷരം

മനുഷ്യന്റെ ഭൂമിയിലേക്കുള്ള
'പിറവിക്കു' മൂന്നക്ഷരം
'അനന്തമായ ഉറക്കത്തിലേക്കു നീങ്ങുന്ന
മരണത്തിനു മൂന്നക്ഷരം
രണ്ടിന്റേയും ഇടയിലുള്ള
ജീവിതത്തിനു മൂന്നക്ഷരം
അതിൽ വിറപ്പിച്ച പ്രളയത്തിനു മൂന്നക്ഷരം
അതിലൊതുങ്ങിയ പലരുടേയും
ജീവനും മൂന്നക്ഷരം
മൂന്നക്ഷരമാണ് നമ്മുടെ
ജീവന്റെ അടിസ്ഥാനം
പ്രകൃതി... ,പ്രകൃതി...... ,
പ്രകൃതി...........

Farsana Febin
VIII B

# നീറ്റില പോളക്കു തുല്യമാം ജീവിതം.......




ആതിരതേൻ കതിരുകളും മനുഷ്യജീവനും
പ്രകൃതിസാഹസികതയോടൊപ്പം ഒഴുകിപ്പോയി.....
ഒരു നീറ്റില പോളക്കു തുല്യമാം ജീവിതം
ഓർക്കാതെ പോയ മനുഷ്യർ നാം
സമ്പത്ത് മാത്രം!എന്ന ചിന്തയിലധി-
ഷ്ടിതമായ മനുഷ്യർ ഇന്നറിഞ്ഞു.......
സമ്പത്തിനുവേണ്ടി തൻ അമ്മ മാറിൽ ദ്വാര-
മിട്ട ജീവി വർഗം,അത് ആകുലത നിറഞ്ഞ മനുഷ്യർ
എന്തിനിതെല്ലാം എന്നറിഞ്ഞിട്ടും അറിയാത്ത മട്ടിൽ
അവർ ഉള്ളിലൊളിപ്പിച്ചു നിന്നു ,....
കള്ളപണം വാരിയെറിഞ്ഞവർ കൊട്ടാരം പണിതു
ഉദ്ദ്യോഗസ്ഥൻ പിടിച്ചിട്ടും പണം വാരിയെറിഞ്ഞവർ
പതിയെ പതിയെ കുറ്റത്തിൽ നിന്ന് മുങ്ങിനടന്നു
ഉദ്ദ്യോഗസ്ഥർക്കെല്ലാം പണം മാത്രം മതി.....!
ഇതുമാത്രം പോര ഇനിയും കള്ളപണം വേണം

എന്ന ചിന്തയിലവർ മുന്നോട്ടു നീക്കി
തൻ  ഇരുണ്ട ജീവതം ...............

തന്റെ ജീവിതമൂല്യങ്ങൾ അറിയാതെ,
ഭൂമിയിൽ വേര് തളിർത്തവർ മാനുഷ്യർ
തന്റെ ജീവിത കടമകൾ അറിയാതെ
ആകാശത്ത് വേരം പടർത്താത്തവർ
അത് മാനുഷർ മാത്രമാണ്

തന്റെ മാറിൽ നടക്കുന്ന കാര്യങ്ങളറിഞ്ഞ
ആത്മത്യാ  ശ്രമം  ഊരിവിട്ടു
സാരമില്ലാ താൻ ദു:ഖിക്കുന്നുമില്ല
എന്നോടൊപ്പം എന്റെ മക്കളും അനുഭവിക്കട്ടെ,
നൈരന്തര്യം നടക്കുന്ന വേദനകൾ
ഞാനൊരുപാട് സഹിച്ചു നിന്നു..........
പക്ഷേ വേദന സഹിക്കാനാവാത്ത എൻ-

ശരീരം രക്തം പൊട്ടിച്ച് ചാലൊഴുക്കി..........
കൂടെ എൻ മക്കളും ജീവനൊഴുക്കീ.........
ഞാൻ പോകുന്നിടം നീ തടസപ്പെടുത്തിയാൽ
നീ പോകുന്നിടം ഞാനും ഇല്ലാതാക്കും
എന്നു ഞാൻ നൈരന്തര്യം പറഞ്ഞു നോക്കി......

പക്ഷെ അദൃശ്യഹസ്തങ്ങൾ മറന്ന-
മനുഷ്യർ ആധുനികതയിലേക്ക് വളർന്നു പൊങ്ങി
ഇങ്ങനെ തുടർന്നാൽ എൻ മാറിടം ഉരുകും
എന്നറിഞ്ഞ ഭൂമി തൻ മക്കളെ
ഇല്ലാതാക്കാൻ തൻ രക്തമൊഴുക്കി.....
സ്വന്തം മാതൃരുചിത്വം മറന്ന മാനുഷ്യർ
ഇതനുഭവിക്കണം,ഇനി വരും തല-
മുറയും പഠിക്കട്ടെ ,മജ്ജയും,മാംസവും
നിറഞ്ഞ ഈ മക്കളെ ഇനിയെന്തി-
നാ ഇവിടെ.......



Nadhi A.S
VIII B

# ഐക്യ കേരളം 61 വയസ്സ്



ഇളനീർ ദൂരെ വലിച്ചെറിഞ്ഞു
കൊക്ക കോള കുടിച്ച്
നമ്മൾ കേരളത്തെ കുറിച്ച് സംസാരിക്കുന്നു
മക്കളെ ഇംഗ്ലീഷ് മീഡിയത്തിലയച്ച്
സായിപ്പിനെ സ്വപ്നം കണ്ട്
മലയാളിയുടെ മാധുര്യത്തെക്കുറിച്ച് സംസാരിക്കുന്നു
വയൽ നികത്തി
കോൺക്രീറ്റ് കൊട്ടാരം പണിത്
നമ്മൾ പ്രകൃതി ഭംഗിയെക്കുറിച്ച് സംസാരിക്കുന്നു
മണ്ണിൽ ചവിട്ടാതെ മണ്ണ് തൊടാതെ

## HASH TAG

പ്ലാസ്റ്റിക് ബാഗുകളിൽ
ആകാശത്ത് നമ്മൾ അടുക്കളത്തോട്ടങ്ങളുണ്ടാക്കും
പത്രത്താളുകളിലും ചാനലുകളിലും
വെണ്ടക്കയും വഴുതനങ്ങയും വിളയും
ഐക്യകേരളത്തിന് 61 ആയി
ഇപ്പോഴും സത്യം പറയൂ
കേരളം എന്ന കേൾക്കുമ്പോൾ
തിളക്കുന്നുണ്ടോ ചോര നമ്മുടെ ഞരമ്പുകളിൽ

Fathima Mubashira

# JOE,THE PRINCESS

Joe went out of class with a disappointed mind. Even though Alice,her best friend,kiss her,she didn't ask what was the reason of Joe's disappointment. While walking along the ground her feet got wet with her tears. Joe Wiped her tears and walked so fast Alice was engaged in some other business.

A little girl Amy saw that Joe was walking with tears. She rushed towards Joe and held her hands,then asked

"Joe,what happened?why didn't you give me flowers today?".

"Oh,I am sorry dear"the word came from the depth of her heart. "I forgot"

she lost her control and hugged Amy tightly without saying any word she turned back and started to walk.

Amy caught Joe's hand again. Joe looked at Amy. Amy saw her eyes,she was looking to her heart. she has a lot to say. The little girl,Amy couldn't understand what was its meaning what she had to say.

Two days after Joe's class teacher asked Alice “where is Joe?”Alice replied “I don't know”.That time Amy came to the class with tears and bouquet in her little hands. She whispered

“Mam..Joe...She..will never come to school...”

Everybody stood and looked at Amy “What?”the question raised from hundred eyes.

Joe a girl of fifteen was a pretty girl who look always pleasant and cares to make others pleasant. Everyone loved Joe, She loved Everyone.

She sings to make others happy even her sound is not that melodious.She helped everyone in their studies and all other business.

One day Amy drew the picture of Joe who is playing in a beautiful garden with five pretty girls. she named the painting Joe,the princess. She was waiting for a good chance to present her

gift to Joe.

Joe was suffering cancer but none of her classmates or schoolmates didn't knew that. She hid it from everyone. She used to laugh as she always did. She used to play with everyone. She was aware of her disease. She knew her days was countable.

The students with their class teacher visited Joe. Joe was in the hospital.She smiled at her friends and teacher.

The little Amy came beside Joe and gave her that bouquet.There where a lot of questions in the mind of her friends and teacher.Nobody could speak a word.Atlast Alice asked


“why didn't you tell me”.

She feel down with tears after completing the question.

“Because I didn't want to see tears in your eyes. I wanted to see everyone happy....If you all know about my

illness everyone will look at me with sympathetic face...I want to go to heaven with lots of sweet memories”

Amy gave her drawing to Joe. Joe,the princess looked at the picture,smiled and took a deep breath, her last .



Hisana Fathima.N
IX A


# അറ്റമില്ലാത്ത ഓട്ടം



ഞാൻ ഓടി......
സമയത്തോടും കാലത്തോടും ഒപ്പം
സമയമേ..കാലമേ...നിൽക്കൂ....
ഞാൻ അങ്ങേയറ്റത്തെ ക്ഷീണിതയായി..

എന്റെ ദാഹവും തുടിപ്പും
എന്നോട് ചേർത്തണച്ച്
ഞാൻ പറഞ്ഞു..അരുത്
നീ എന്നെ വിട്ട് പോകരുത്

എന്റെ ആ വാക്കുകൾ അന്തരീക്ഷത്തിലെ
വെറും അശരീരി മാത്രമായി മാറി..
എന്നെ കാത്തുനിൽക്കാതെ തനിച്ചാക്കി
അവൾ എന്നിൽ നിന്നും
എന്നെന്നേക്കുമായി അകന്നു.............



Nabla Fathima

IX A

# ഒരു വിലാപം

കൊല്ലാതിരിക്കാമായിരുന്നില്ലേ
കാലമെന്നേയവളുടെ
ആത്മാവ് ഇഞ്ചിഞ്ചായി മുറിച്ചതായിരുന്നു
പാപമൊന്നേ ചെയ്തു
ഇങ്ങനെയൊരു ജന്മം
അനുജത്തിയായി, മകളായി
മുടങ്ങാതെ മനസ്സിൽ കൊളുത്തും
അന്തിത്തിരി വെട്ടത്തിൽ
ഓർമ മാത്രമായവൾക്ക് അച്ഛൻ
കൂട്ടായി നിൽക്കാൻ
കരുത്തേകാൻ ആവില്ലയെങ്കിലും
കൊല്ലാതിരിക്കാം
അവളുടെ കണ്ണാന്തളി കിനാവിനെ
മിന്നാമിന്നി സ്വപ്നങ്ങളെ
ഇളമയുടെ വിരിമാറിൽ
ഇനിയും വെണ്മയുടെയാത്ര
തുടരുമായിരുന്നവൾ



Nahla.P
X C

# കണ്ണീർപ്പാട്ടുകൾ



അഗ്നിയിൽ എരിയാത്ത
എൻ  മനസ്സിൽ
ജീവിതം തന്ന മുറിപ്പാടുകൾ
എരിയുകയാണ്
ആ നോവിൽ മറയാതെ മറയാതെ
ആ വേദന കൊണ്ടു നിറയുകയാണ് ഉള്ളം
കരയാത്ത കണ്ണും
കരയുന്ന മനസ്സും
വാടാത്ത മുഖവും
വാടുന്ന ഉള്ളവുമായി

**HASH TAG**

ജീവിതമെന്നൊരു നാടക വേദിയിൽ
നായികയാണിന്നു ഞാൻ

Shishira.U

# സഹനം



പാൽക്കാരൻ മാധവേട്ടനാണ് ആദ്യം വിവരം പറഞ്ഞത്. പത്രക്കരനും അതുതന്നെയാണ് പറഞ്ഞത്. ഇരുവഴിഞ്ഞി യുവതിയായ ഭ്രാന്തിയാണത്രെ. കേട്ടപ്പോൾ വിശ്വസിക്കാനേ കഴിഞ്ഞില്ല. അവൾ അങ്ങനെയൊന്നുമായിരുന്നില്ലല്ലോ?

സുന്ദരനായ വെള്ളരി മലയുടെ ഓമനപുത്രി. കാലിൽ കൊലുസണിഞ്ഞ് പാവാടത്തുമ്പ് നിലത്തുരച്ച് മന്ദഹാസത്തോടെ നടക്കുന്ന ഒരു കൊച്ചു സുന്ദരി. അച്ഛന്റെയും മറ്റ് സഹോദരങ്ങളുടെയും ലാളനയേറ്റ്ക സൃതിയും സന്തോഷവും ഇടലർന്ന ബാല്യം. അപ്പോഴും

അവർക്ക് കൂട്ട് .മഴ തന്റെ മക്കളുടെ കുഞ്ഞികാൽ വളരുന്നതും കുഞ്ഞി കൈവളരുന്നതും കാത്ത് വെള്ളെരി മല എത്ര സന്തോഷിച്ചിരിക്കും ജാതി-മത കെട്ടുകളുടെ ചങ്ങല അവർ എത്ര വട്ടം തകർത്തു കളഞ്ഞിരിക്കുംന്നു. ഓണത്തിന് സദ്യയുണ്ടും പെരുന്നാളിന്ന് മൈലാഞ്ചിയിട്ടും ക്രിസ്മസിന് കേക്ക് മുറിച്ചും സന്തോഷങ്ങളിൽ എത്രയോ തവണ പങ്കുചേർന്നിരിക്കുന്നു. എത്രയെത്ര പ്രണയങ്ങൾ അവളെ സാക്ഷിയാക്കി പൂവിട്ടിരിക്കുന്നു. എത്രയോ സന്ദേശങ്ങൾ അറബി കടലിവനൾ കൈമാറി.

പെട്ടെന്നായിരുന്നല്ലോ അവളുടെ വളർച്ച വളരുന്നതിനനുസരിച്ച് മനുഷ്യന് അവളോടുള്ള കാഴ്ചപ്പാടും മാറി. അച്ഛനായ വെള്ളരി മലയെ ഒഴിച്ച് അവളുടെ സഹോദരങ്ങളെ ഒക്കെ അവർ കൊന്നുകളഞ്ഞില്ലേ....... എന്നിട്ടോ....അവളെ വെറുതെ വിട്ടോ.

യന്ത്രകൈകൾ കൊണ്ട് അവളുടെ മാറിടം കീറി മുറിച്ചു. മണലെല്ലാം ഊറ്റി അവളെ ജീവച്ചവമാക്കി.

എന്നിട്ടും അവർക്ക് തീർന്നോ? അറവ് മാലിന്യം കൊണ്ട് ഒന്ന് ശ്വാസമെടുക്കാൻ പോലും അവളെ അനുവധിച്ചില്ല അറബിക്കടലിലേക്കുള്ള വഴി പോലും അവർ തടഞ്ഞില്ലേ?

ഒരു പെണ്ണിന് ഇത്രയൊക്കെയല്ലേ സഹിക്കാൻ

കഴിയൂ.

അതെ അവളിപ്പോൾ പ്രതികാരദാഹിയായി രുദ്രഭാവം പൂണ്ടിരിക്കുന്നു. അറബിക്കടലിലേക്ക് അവൾക്കെത്തിയേ തീരൂ..... യന്ത്രകൈകൾ കൂടെയുണ്ടെങ്കിൽ എന്തുമാവാം എന്നഹങ്കരിച്ച നടക്കുന്ന മനുഷ്യൻ ഇന്നവളെ കണ്ട് പേടിച്ച് പാലായനം ചെയ്യുന്നു .

നിരാലംബരായ വൃദ്ധരുടേയും കുട്ടികളുടെയും കരച്ചിൽ കേട്ട് മനസ്സ് ഉരുകുന്നുണ്ട്. എങ്കിലും തന്നെ കാത്തുനിൽക്കുന്ന അറബിക്കടലിനടുത്ത് അവൾക്കെത്തിയേ തീരൂ മേഘം അയച്ച ദൂതനായ മഴ അവളോട് എന്തോ സ്വകാര്യം പറഞ്ഞിട്ടുണ്ടെന്ന് തോന്നുന്ന ആകാശവും ഇതെല്ലാം കാണുന്നുണ്ടായിരുന്നു.

ഞാനും പോയിരുന്നരുന്നു അവളേ കാണാൻ . ഒരു വട്ടമേ നോക്കിയുള്ളൂ.കണ്ണിൽ ജ്വലിക്കുന്ന അഗ്നിയുണ്ടെങ്കിലും നിസ്സഹയതയുടെ വിഴപ്പ് അവൾ താങ്ങുന്നുണ്ടെന്ന് തോന്നും.

കൂട്ടുകാരി നിന്റെ കൂടെ ഞാനുമുണ്ട്. എന്തിരുന്നാലും ഞങ്ങൾ ഇതെല്ലാം ഏറ്റു വാങ്ങാൻ ബാധ്യസ്ഥരാണല്ലോ.....മാപ്പ്......ഒരായിരം വട്ടം മാപ്പ്........

# പെൺ നൊമ്പരം



കാലം മറക്കുമാ സത്യമതോർത്തവൾ
കാലചക്രത്തിൽ നഴഞ്ഞു നീങ്ങി
വേഷം മറന്നവൾ വേശ്യയായി മാറവെ
വിധിയെ പഴിച്ചു കഴിഞ്ഞു നീങ്ങി
കത്തി ജ്വലിക്കുമാ നേത്രകരങ്ങളിൽ
പെട്ടതോ അവളുടെ പാപമിന്ന്
ബന്ധങ്ങളത്രയും ബന്ധനമാകവെ
ബന്ധുമിത്രതികൾ ഉറ്റുനോക്കി
പാപമി നാടിന്റെ പാപിയാം
പുത്രിയായി

**HASH TAG**

വാഴവാൻ അവളുടെ യോഗമിന്ന്
ഒരു മുഴം കയറെ വേണ്ടി വന്നുള്ളൂ
ഒരു ജീവനായുസ്സറുത്തു നീക്കാൻ



Shinshina
IX G

# കയർ



ഇരുണ്ട രാത്രിയായിരുന്നു അത്. ഇരുട്ടിൽ അയാൾക്ക് ഒന്നും തന്നെ കാണാൻ കഴിഞ്ഞില്ല .ആകാശത്തിലെ നക്ഷത്രങ്ങളെ പോലും.

അയാൾ പർവ്വതം കയറുന്നതിനിടയിലാണ് കയറിന്റെ പിടിവിട്ട് താഴേക്ക് വീണത്.അയാൾ മരണത്തെ മുന്നിൽ കണ്ടു. പക്ഷേ വീഴ്ചയിൽ അയാൾക്ക് കയറിന്റെ ഒരറ്റം എങ്ങനെയോ കിട്ടി.അതിൽ ബലമായി പിടിച്ച്, വായുവിൽ തൂങ്ങി ആടി.

ആ അവസ്ഥയിൽ മറ്റൊന്നും ചെയ്യാനുള്ള കരുത്തയാൾക്കില്ലാത്തതിനാൽ അയാൾ ദൈവത്തെ വിളിച്ച് പോയി.

ആ ഇരുട്ടിന്റെ അന്തതയിൽ നിന്നും അയാൾ ആ ശബ്ദം

കേട്ടു;

"നിനക്ക് എന്താണ് വേണ്ടത്. ഞാനെന്താണ് ചെയ്യേണ്ടത്."


"എന്നെ രക്ഷിക്ക് ദൈവമേ."

"നീ വിചാരിക്കുന്നുണ്ടോ.. എനിക്ക് നിന്നെ രക്ഷിക്കാൻ കഴിയുമെന്ന്."ദൈവം ചോദിച്ചു.

"തീർച്ചയായും ഞാൻ അങ്ങനെ തന്നെ വിശ്വസിക്കുന്നു."

"എങ്കിൽ നീ പിടിച്ചിരിക്കുന്ന കയറിന്റെ പിടി വിട്ടോളൂ". അപ്പോൾ അവിടെ ഒരു നിശബ്ദത പരന്നു.ആ മനുഷ്യൻ താൻ പിടിച്ചിരിക്കുന്ന കയറിലെ പിടിത്തം ഒന്നു കൂടെ ശക്തമാക്കി.

അടുത്ത ദിവസം കയറിൽ തൂങ്ങിയാടി മരിച്ചു കിടക്കുന്ന ഒരു മനുഷ്യനെ പർവ്വതാരോഹണ സംഘം കണ്ടെത്തി.അയാളുടെ കൈ കയറിൽ ചുറ്റി വരിഞ്ഞിരിക്കുകയായിരുന്നു. അയാളുടെ കാലുകൾ നിലത്തു നിന്നും ഒരടി മാത്രം അകലത്തായിരുന്നു.



Shahana Mariyam IX A

# മഴയുടെ ഇരുണ്ട മുഖം




മേഘങ്ങൾ പൊട്ടിക്കരഞ്ഞു കൊണ്ടിരിക്കുകയാണ്. ഇടയ്ക്കൊന്ന് ശാന്തമാകും,അപ്പോഴും കേൾക്കുന്നുണ്ടാവും ചില കരച്ചിലുകൾ.തന്റെ ജീവനെങ്കിലും തിരിച്ച് കിട്ടിയല്ലോ എന്ന് ആലോചിച്ച്സമാധാനിക്കുന്നവരുമുണ്ട്. എന്തിനാ മേഘങ്ങൾ ഇങ്ങനെ ഭ്രാന്തിയെപ്പോലെ കരയുന്നത്.ഇരുണ്ടിരിക്കുന്ന മേഘങ്ങളെ കണ്ടാൽ തന്നെ പേടിയാകും.

ഇന്നലെ രാത്രി പന്ത്രണ്ടു

മണിയായിക്കാണും.ആരോ വന്ന് വാതിലിൽ മുട്ടി,നോക്കുമ്പോൾ അച്ഛന്റെ കൂട്ടുകാരൻ സുമേഷ് അങ്കിളാണ്.കിതച്ചു കിതച്ചു കൊണ്ടു സുമേഷ് അങ്കിൾ പറഞ്ഞു:

"ഗിരിയെ വേഗം വീടൊഴിഞ്ഞോ...അല്ലെങ്കിൽ ഇപ്പോൾ മുങ്ങിത്താഴും...എന്റെ വീട് മുഴുവൻ വെള്ളത്തിലാണ്".

അവളൊന്ന് മുറ്റത്തേക്ക് കണ്ണോടിച്ചു, കൂരാകൂരിരുട്ട്. മേഘത്തിന്റെ കണ്ണീർത്തുള്ളികളുടെ കഠോരശബ്ദം അവളുടെ ചെവികളെ അലോസരപ്പെടുത്തി.

അച്ഛൻ വേഗം മുണ്ടും ഷർട്ടുമിട്ട് വന്നു.ഉമ്മറത്തിണ്ണയിലിരുന്ന കുടയുമെടുത്ത് പുറത്തേക്കിറങ്ങി. സുമേഷ് അങ്കിളും കൂടെപ്പോയി.പോയതിന് ശേഷം അവൾക്ക് ഉറക്കമേ വന്നില്ല.എങ്ങനെയൊക്കയോ നേരം വെളുപ്പിച്ചു.

അന്ന് സൂര്യനുണരാൻ വൈകിയെന്ന് തോന്നുന്നു.അവൾ നേരെ മുറ്റത്തേക്കിറങ്ങി നോക്കിയപ്പോൾ കണ്ട കാഴ്ച്ച അവളെ അത്ഭുതപ്പെടുത്തി.താഴത്തെ കണ്ടത്തിലുള്ള മാധവേട്ടന്റെ വീട് പകുതിയെ കാണുന്നുള്ളൂ,ബാക്കി വെള്ളത്തിലാണ്.

എങ്കിലും ഒരു കാര്യം അവളുടെ മനസ്സിൽ തറച്ചു

പോയി.ജാതി-മത വിദ്വേഷങ്ങളില്ലാതെ ഹനീഫിക്കയും ജോസഫേട്ടനമെല്ലാം രക്ഷപ്രവർത്തനത്തി-നിറങ്ങിയിരിക്കുന്നു.

അപ്പോഴാണ് അമ്മയും അടുത്ത വീട്ടിലെ സുഷമ ചേച്ചിയും സംസാരിക്കുന്നത് അവൾ കേട്ടത്.

"കരിഞ്ചോലയ്ക്കടുത്തുള്ള ഗംഗാധരേട്ടന്റെയും മാധവേട്ടന്റെയുമെല്ലാം വീട് ഉരുൾപൊട്ടലിൽ തകർന്നെന്ന്...പാവങ്ങൾ,അവരുടെ ഒരായുസ്സിന്റെ കഷ്ടപ്പാടാണ് തകർന്ന് വീണിരിക്കുന്നത്."

അങ്ങനെ ആലോചിച്ച നിൽക്കുമ്പോഴാണ് അമ്മയുടെ വിളി:

"മോളേ ചിന്നൂ, ആ മഴയത്ത് നിലക്കാതെ അകത്തെങ്ങാനും കേറിനിൽക്കെടീ...."

അപ്പോഴാണ് മഴയുടെ ഇരുണ്ടമുഖം അയാൾ കണ്ടത്.അല്ലെങ്കിൽ മഴയെ കാത്ത് ഇരിക്കുന്നവളാണ് ചിന്നു.ഇതോടുകൂടി അവൾക്ക് മഴയോട് വെറുപ്പായി.

# HASH TAG


MKH MMO VHSS FOR GIRLS MUKKAM
കേരള സ്കൂൾ
കലോത്സവം'18
mkhmmohs.blogspot.com

# ഏകാന്തതയുടെ മടിത്തട്ട്



ജനഗണമന...... ജയഹേ....ജയഹേ....കുട്ടമണിയുടെ അകമ്പടിയോടെ കുട്ടികൾ മുറ്റത്തേക്ക് ചാടി ഇറങ്ങി."അച്ചൂ ഒന്ന് വേഗം വാടാ".നൗഫൽ വിളിച്ചു പറഞ്ഞു."ഇപ്പോ വരാ നൗഫലെ.."നൗഫലും അച്ചുവുമാണ് കൂട്ടുകാർ.മനസ്സുകൾ തമ്മിൽ പരസ്പരം കൂട്ടിച്ചേർത്ത കൂട്ടുകാർ,അല്ല സഹോദരന്മാർ എന്നു തന്നെ പറയാം.

അവർ വരാന്തയിലേക്കിറങ്ങിയതും കാർമേഘം ശാഠ്യം പിടിക്കാൻ തുടങ്ങി."അച്ചൂ മഴ പെയ്യല്ലോ ടാ..." നൗഫൽ മുഖം ചുളിച്ചു കൊണ്ടോതി.അച്ചു കാർമേഘത്തെ നോക്കി ശകാരിക്കാൻ തുടങ്ങി."എടാ എന്റെ കുട തുറന്നിട്ടാണെങ്കിൽ ഒരു കാര്യവുമില്ല മൊത്തം ഓട്ടട

പരിവത്തിലായിരിക്കണ്". നൗഫൽ മഴയെനോക്കി ക്കൊണ്ട് പിറുപിറുത്തു. എല്ലാവരും പോയിത്തുടങ്ങി. അവസാനം അച്ചുവും നൗഫലും കൂടി ഒരു വാഴയില സംഘടിപ്പിച്ചു.രണ്ടാളും ഒരു വാഴയിലയിൽ കൈകോർത്ത് കെട്ടിപ്പിണഞ്ഞു കൊണ്ട് നടന്നു. "എന്തൊരുമഴയാടാ .........ദൈവമേ.........രക്ഷിക്കണേ...."അച്ചു ദൈവത്തോടായി പറഞ്ഞു.

വേഗത്തിൽ നടക്കാൻ ശ്രമിച്ചെങ്കിലും പറ്റുന്നില്ല.വെള്ളം ചെളിയേയും കൈ കോർത്തുകൊണ്ട് വഴിയിലൂടേ പാഞ്ഞുവരികയാണ്.അവർ വെള്ളത്തിലൂടെ പരസ്പരം രസിച്ച് കൊണ്ട് വഴിയിലൂടെ പാഞ്ഞുവരുകയാണ്. വെള്ളത്തിലൂടെ പരസ്പരം രസിച്ച് കൊണ്ട് നടന്നു. അച്ചുവിന്റെ വീടിൻമുറ്റത്ത് എത്തി. അച്ചു നീട്ടി ഒരു ശ്വാസമങ്ങിട്ടു."അമ്മേ.....അമ്മേ....."അച്ചു ആർത്തുവിളിച്ചു."ദാ വരുന്നെടാ...മഴയുടെ ശബ്ദം കാരണം ഒന്നും കേൾക്കാനും പറ്റുന്നില്ല"അമ്മ വാതിൽ തുറന്നു എത്തിനോക്കി പറഞ്ഞു."അച്ചു എന്നാ പിന്നെ ഞാനങ്ങ് പോവട്ടേ....ഉമ്മ തനിച്ചല്ലേ...പിന്നെ മെഹിവി മോളെ അങ്കണവാടിയിൽ നിന്ന് കൂട്ടി കൊണ്ട് വരികയും വേണം"വാടാ മോനേ അമ്മ ചായ ഉണ്ടാക്കിത്തരാം"അച്ചുവിന്റെ അമ്മ സ്നേഹത്തോടെ നൗഫലിനോട് പറഞ്ഞു.അവൻ അതിനൊന്നും നിൽക്കാതെ നടക്കാൻ തുടങ്ങി.

ഭയത്തോടെയാണ് വീട്ടിലേക്ക്

പോകുന്നത്.കാറും,ലോറിയും എല്ലാം ആ റോഡരികിൽ നിന്നും നൗഫൽ നോക്കികാണുന്നുണ്ടായിരുന്നു. ഓടിപ്പാഞ്ഞ് വരുന്ന മഴത്തുള്ളികളെ വെല്ലുവിളിച്ച കൊണ്ട് വാഹനങ്ങൾ ചീറിപ്പാഞ്ഞു കൊണ്ടിരുന്നു.നൗഫലിന്റെ വീടിന്റെ വേലി കടന്നു.അവൻ നീട്ടിയൊന്നു നോക്കി.ഉമ്മ കാത്തിരിക്കുന്നു.അവൻ വാഴയില അവിടെയിട്ട് ഉമ്മയുടെ അടുത്തേക്കോടി.ഉമ്മ വേഗം മുണ്ടുമായി വന്നു മേലാസകലം ഒന്നു തുടച്ച കൊടുത്തു."എന്തൊരു മഴയാ ഉമ്മാ...ഇത്രക്കും ശക്തമായ ഒരു മഴ ഇതാദ്യമാണല്ലോ"നൗഫൽ മേൽ തുടച്ച കൊണ്ട് പറഞ്ഞു."ശരിയാ.... എനിക്കെന്തോ വരാനുള്ളത് പോലെയൊക്കെ തോന്നുവാ"

ഉമ്മ ആകാശത്തേക്ക് ഒന്ന് നോക്കി മെല്ലെ മൊഴിഞ്ഞു."അല്ല മെഹിവി മോളെ കൂട്ടികൊണ്ടുവരണ്ടേ" അവൻ തിരക്കി.അവൾ ഇന്ന് അങ്കണവാടിയിൽ പോയില്ല.ഉമ്മ അകത്തേക്ക് നോക്കികൊണ്ട് പറഞ്ഞു.അതേതായാലും നന്നായി എന്നമട്ടിൽ അവൻ അകത്തേക്ക് നടന്നു.

അവരുടെ വീടൊരു കുന്നിൻ ചെരുവിലാണ്.വയലുകളും ചെറുതോടുകളും നെൽപാടങ്ങളും അങ്ങനെ പ്രകൃതിയെ അലങ്കാരത്തോപ്പാക്കുന്ന കുന്നിൻ ചെരിവ്.അവൻ ബാത്ത്റൂമിൽ പോയി കുളിയും കഴിഞ്ഞ് വേഗത്തിൽ മെഹവി മോളുടെ അടുത്തേക്ക് പോയി.അവൾ നല്ല ഉറക്കത്തിലാണ്.മഴയിൽ മൂടിപ്പുതച്ചുറങ്ങുന്നതിന്റെ ആ ഒരു

സുഖം അവളുടെ മുഖത്ത് നല്ലവണ്ണം ഉണ്ടായിരുന്നു.അവനൊന്നു നെറ്റിയിൽ തൊട്ടു നോക്കി അവനിങ്ങ് പോന്നു.അപ്പോഴേക്കും ഉമ്മ ചൂടൻ ചായയുമായി അകത്തേക്ക് വന്നു,കൂടെ ചൂടൻ പഴംപൊരിയും."ഉമ്മാ എപ്പഴാ ഓക്ക് പനി തുടങ്ങിയത്?" നൗഫൽ തിരക്കി."രാവിലെ തുടങ്ങിയതാ ചെറിയൊരു ചൂട് അത്രേയുള്ളൂ" ഉമ്മ സമാധാനിപ്പിച്ചു.മഴക്ക് ഒരു മാറ്റവും തോന്നുന്നില്ല.അവർ ചായ ഊതിക്കൊണ്ട് അവൻ മഴയെ ആസ്വദിച്ചിരുന്നു.അപ്പോഴാണ് ഒരു ഓർമ്മ വന്നത്"അടുത്ത ആഴ്ചയല്ലേ മെഹിവിയുടെ പിറന്നാൾ" ഞാനത് മറന്നിരിക്കുകയായിരുന്നു. പായസം എങ്കിലും ഉണ്ടാക്കണം.ഉപ്പ ഉണ്ടായിരുന്നെങ്കിൽ ഉടുപ്പും സമ്മാനങ്ങളും ഒക്കെ വാങ്ങുമായിരുന്നു.ഇത് ഞാൻ പണിയെടുത്തിട്ടെന്തു കിട്ടാനാ"ഉമ്മ ഒരു തുള്ളി കണ്ണീരോടെ പറഞ്ഞു. "ഞമ്മക്ക് ഉശാറാക്കാം. ഇങ്ങള് ബിഷമിക്കല്ലീന്നേ..."അവൻ ചിരിച്ച് കൊണ്ടു പറഞ്ഞു.

********************

അങ്ങനെ ഒരാഴ്ച്ച നീങ്ങിയതറാതെ അവർ ജീവിച്ചു.നാളെയാണ് അവളുടെ പിറന്നാൾ. എന്നാൽ ആ മഴക്കും കാറ്റിനും കാർമേഘത്തിന്റെ മുഖം കറുപ്പിക്കലിനും ഒരു കുറവും ഇല്ലായിരുന്നു.നൗഫൽ തുറന്നിട്ട ജനലഴികളിലൂടെ പുറത്തേക്ക് നോക്കി. ആശ്വാസമേകിക്കൊണ്ട് സൂര്യൻ പ്രഭാതവിളക്ക്

നീട്ടി.അവൻ ഉണർന്നു പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിച്ചു.സ്കൂളിലേക്ക് പോകാനിറങ്ങിയതും അതാ പിന്നേം ശാഠ്യംപിടിച്ച് കൊണ്ട് കാർമേഘമെത്തി.അസ്സലാമു അലൈക്കും നൗഫൽ സലാം പറഞ്ഞുകൊണ്ട് അച്ചുവിന്റെ വീട്ടിലേക്ക് വാഴയിലയും ചൂടികൊണ്ടോടി.അവൻ അവിടെ എത്തിയപ്പോൾ അച്ചു കാത്തിരിക്കുകയാണ്.അവർ ഇരുവരും സംസാരത്തിന്റെയും ജലത്തുള്ളികളുടെയും താളത്തിൽ നടന്നു നീങ്ങി.

സ്കൂളിന്റെ വരാന്ത കണ്ടതും വാഴയില എറിഞ്ഞ് കൊണ്ട് ഒരൊറ്റ ഓട്ടം.ഹാവൂ ഒരു വിധത്തിലെത്തി.അച്ചുവും നൗഫലും ഒരേ ശ്വാസത്തിൽ മൊഴിഞ്ഞു.കുശുമ്പുകളും ,കുസൃതികളുമായി അന്നത്തെ ദിവസത്തിന്റെ വേഗം അറിഞ്ഞില്ല.മഴയുടെ ശക്തി അവരുടെ ചെവികൾക്ക് സമാധാനം കൊടുത്തിട്ടില്ല.പല സ്ഥലങ്ങളിലും മരങ്ങളും മറ്റും വീണ വാർത്ത അവർ കേൾക്കുന്നുണ്ട്.ബെല്ലടിച്ചതും അവർ ഓടി റോഡിലേക്കിറങ്ങി."അച്ചൂ...നാളെ മെഹിവിയുടെ പിറന്നാളാണ്. അവൾക്കെന്തെങ്കിലും കൊടുക്കണം. വാ...തേൻ മിഠായി വാങ്ങാം"നൗഫൽ അച്ചുവിന്റെ കൈകോർത്ത് പീടികയിലേക്ക് കയറി മിഠായിയും വാങ്ങിച്ചു കൊണ്ട് ഉൽസാഹത്തോടെ അച്ചുവിന്റെ വീട്ടിലെത്തി. ഇന്നേതായാലും നൗഫൽ അച്ചുവിന്റെ വീട്ടിൽ നിന്നും അമ്മ സ്നേഹത്തോടെ തന്ന ശർക്കരച്ചായ വേഗത്തിൽ മോന്തിക്കുടിച്ച് പുഞ്ചിരിയോടെ


പുറത്തിറങ്ങി. എവിടെയൊക്കെയോ നിന്നെല്ലാം ദുരന്തത്തിന്റെ നാദം മുഴങ്ങി.

അവൻ വേലി ചാടിക്കടന്നു.അപ്പോഴും അവന്റെ മനസ്സിൽ ചൂടേറിയ പായസത്തിന്റെ മധുരമായിരുന്നു.അവൻ ചുറ്റും നോക്കി.ആരേയും കണ്ടില്ല. അവന്റെ വീടിരുന്നിടത്ത് ഒരു മൺകൂമ്പാരം. ഇനി സ്ഥലം വല്ലോം മാറിയോ എന്നറിയാൻ അവൻ ചുറ്റും നോക്കി.ഇല്ല മാറിയില്ല.അവന്റെ നെഞ്ചു പടപടാ മിടിച്ചു, കണ്ണുകൾ പൊഴിയാൻ തുടങ്ങി.പിന്നീടതാ കുറേ ആളുകൾ എന്തൊക്കെയോ ചെയ്യുന്നു.അവൻ പോയി നോക്കി.ആ മഴയിൽ അവന്റെ കണ്ണുനീർ ആരും കണ്ടില്ല.അവൻ അടുത്തേക്ക് നീങ്ങി.ചെറിയ ഭയത്തോടെ നോക്കുമ്പോൾ

അതാ അവിടേ വെള്ള പുതപ്പിച്ച് രണ്ടു പേർ കിടക്കുന്നു.അത് എന്റെ കുടുംബം ആകരുതേ എന്ന പ്രാർത്ഥനയോടെ അവൻ അടുത്തേക്ക് നീങ്ങി.എന്നാലും അവന്റെ വീടെവിടെ എന്നവൻ ഒരുപാട് ചിന്തിച്ചു.പലരും പൊട്ടിക്കരയുന്നു. അവൻ ആ വെള്ള പുതപ്പൊന്ന് തുറന്നു നോക്കി.അവന്റെ കയ്യിലെ തേൻമിഠായി ഓരോന്നായി വീഴാൻ തുടങ്ങി.അവൻ പൊട്ടിക്കരയാൻ തുടങ്ങി. പിന്നീടവനൊന്നും ഓർമ്മയില്ല. നാട്ടുകാരൊക്കെ സമാധാനിപ്പിക്കുന്നതൊന്നും അവൻ കാണുന്നില്ല.... കേൾക്കുന്നില്ല.അശാന്തമായ മനസ്സ്.അവൻ മഴയിൽ മെല്ലെ നടന്നു.മനസ്സിൽ പ്രളയം അലതല്ലി. ഈ വൻ പ്രളയത്തിൽ

അവന്റെ മനസ്സും ഒലിച്ച് പോകാൻ തുടങ്ങി.

കാർമേഘങ്ങളെ നോക്കി അവൻ ഉറക്കെ പൊട്ടിക്കരഞ്ഞു. പ്രളയ മേഘങ്ങളും അതിൽ പങ്കു ചേർന്നു.മേഘങ്ങൾ അവനെ നോക്കി പൊട്ടിക്കരയാൻ തുടങ്ങി.എന്തിനാ അള്ളാഹ്.... എന്നും പറഞ്ഞവൻ നിലവിളിച്ചു. പിന്നീടവൻ ഒന്നും അറിയാത്ത ഭ്രാന്തനെപ്പോലെ നടന്നു നീങ്ങി..ഇരുളിന്റെ ഏകാന്തതയിലേക്ക്.മെല്ലെ...മെല്ലെ....



**Mehabooba Sherin**
**X C**

# അമ്മുവിൻെറ ശബ്ദം



നേരം പുലർന്നു വരുന്നതേയുള്ളൂ.മുറ്റത്തെ വാകമരത്തിൽ ഇരുന്ന് പാട്ട് പാടുകയും കലപിലകൂട്ടുകയും ചെയ്യുന്ന പക്ഷികളെ നോക്കി മുത്തച്ചൻ നിന്നു.പരിമിതികളെ അതിജീവിച്ച് കൊണ്ടുള്ള സന്തോഷത്താൽ മനസ്സ് നിറഞ്ഞ ആ മുത്തച്ചന് പ്രകൃതിയിലെ സമസ്ത ജീവജാലങ്ങളും തന്റെ കുടുംബത്തിൻെറ സന്തോഷത്തിൽ പങ്ക് ചേരുകയാണെന്ന് തോന്നി കിളികൾ അമ്മുവിന് വേണ്ടി പാടുന്നതായും, പൂക്കൾ അവൾക്ക് വേണ്ടി വിരിഞ്ഞതായും, പുലർകാലകുളിർ കാറ്റിൽ ആടിയുലയുന്ന മരച്ചില്ലകളും അമ്മുവിൻെറ നേട്ടത്തിൽ ആനന്ദിച്ച് നൃത്തമാടുന്നതായും ആ മുത്തച്ചനു തോന്നി. അങ്ങനെ ഓരോന്ന് ആലോചിച്ച്

മുത്തച്ഛന് തൻെ പേരകുട്ടികളായ അമ്മുവിൻെയും അനിതയുടെയും ബാല്യകാലസ്മരണകളിൽ മുഴുകി.

മൂന്ന് വയസ്സായിട്ടും സംസാരിക്കാൻ തുടങ്ങാത്ത അമ്മുവിനെകുറിച്ചോർത്ത് മാതാപിതാക്കൾ അതീവ ദു:ഖിതരായിരുന്നു.ആദ്യമെല്ലാം അവൾ സംസാരിക്കുമെന്ന പ്രതീക്ഷയിൽ അവർ കാത്തിരുന്നു. അമ്മു സംസാരിക്കാൻ തുടങ്ങിയില്ലേ എന്ന വീട്ടുകാരുടെയും നാട്ടുകാരടെയും ചോദ്യങ്ങളേക്കാൾ എല്ലാവരേയും വേദനിപ്പിച്ചത് തന്റെ കുഞ്ഞനുജത്തി എന്തു കൊണ്ടാണ് ഇതു വരെ സംസാരിക്കാത്തത് എന്ന അനിതയുടെ നിഷ്കളങ്കമായ ചോദ്യമായിരുന്നു. തങ്ങളുടെ കുടുംബത്തിലെ ഒരു ഡോക്ടറുടെ നിർദ്ദേശ പ്രകാരം അവർ അമ്മുവിനെ ഒരു വിദക്ത പരിശോധനക്ക് വിധേയനാക്കി.അമ്മുവിന് ഒരിക്കലും സംസാരിക്കാൻ സാധിക്കില്ല എന്നു പറഞ്ഞപ്പോൾ അവർ വാവിട്ടു നിലവി-ച്ചു.

# പ്രളയമേഘങ്ങൾ



നല്ല ശക്തിയിലുള്ള മഴകാരണം കുടപാറി പോകുമോ എന്ന് പേടിച്ച് മുറുക്കിപിടിച്ച് മങ്ങിയ ടോർച്ചിന്റെ വെളിച്ചത്തിലാണ് രാമു നടക്കുന്നത്.

രാത്രി അങ്ങാടിയൽ നിന്ന് വീട്ടിലേക്ക് പോവുകയായിരുന്നു അയാൾ.കടയിൽ നിന്ന് വാങ്ങിയ അരിയുടെ കവർ അയാൾ മുറുക്കി പിടിച്ചിരുന്നു.ഈ നശിച്ച മഴകാരണം കടയിൽ സാധനങ്ങൾ പോലുമില്ല എന്ന് അയാൾ ചിന്തിച്ചു.രാമുവിന് മൂന്ന് മക്കളാണ്.രണ്ട് ആൺകുട്ടികളും ഒരു

പെണ്ണും.

വീടിന്റെ മുൻപിലെത്തിയപ്പോൾ അവിടെ ഒരാൾക്കൂട്ടംകണ്ട് അയാൾ ആദ്യമൊന്ന് നടുങ്ങി പിന്നെ കയ്യിലുണ്ടായിരുന്ന കവർ അവിടെയിട്ട് അയാൾ ഓടിച്ചെന്നു.അപ്പോൾ തന്റെ വീടുണ്ടായിരുന്നിടത്ത് മുഴുവൻ മണ്ണാണ് കണ്ടത്, എല്ലാം ശൂന്യം. രാമു അമ്പരപ്പോടെ നോക്കി നിന്നു ഭാര്യയെയും മക്കളെയുമൊന്നുംകാണാനില്ല, എല്ലായിടത്തും മണ്ണായിരുന്നു.

എന്തു ചെയ്യണമെന്നറിയില്ലായിരുന്നു അയാൾക്ക്.കുറെ ആളുകൾ വന്ന് മണ്ണെല്ലാം മാറ്റാൻ ശ്രമിക്കുന്നുണ്ടായിരുന്നു അപ്പോഴും രാമു അനങ്ങാതെയങ്ങനെ നിന്നു.

പുലർച്ചയ്ക്ക് ഒരു വണ്ടിയിൽ കുറച്ചാളുകൾ രാമുവിനെ അവിടെ അടുത്തുള്ള,തന്റെ മക്കൾ പഠിക്കുന്ന സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിലേക്ക് ഏത്തിച്ചു.അയാൾ അവിടെ ഒരു മുറിയിൽ ശിലപോലെയിരുന്നു പിന്നെ കരയുവാൻ തുടങ്ങി.അയാൾ സങ്കടത്തോടെ വിങ്ങി വിങ്ങി കരഞ്ഞു.

ഒരു മുറിയിൽ കുറെ കുടുംബങ്ങളായിരുന്നു ക്യാമ്പിലുണ്ടായിരുന്നത്. അവർ കഴിക്കുന്ന ഭക്ഷണം ഒന്നായിരുന്നു,കുടിക്കുന്ന വെള്ളവും അവിടെ ജാതിയില്ല,മതവുമില്ല എല്ലാവരും മനുഷ്യർ.

രാമു പതിയെ പതിയെ എല്ലാം ഒത്തിണക്കി അയാളുടെ കയ്യിലൊന്നും ഇല്ലായിരുന്നു,ധരിക്കാൻ വസ്ത്രം പോലും പിറ്റേന്ന് കുറച്ചാളുകൾ വന്ന് ഓരോ കുടുംബങ്ങൾക്ക് ഒരു സെറ്റ് എന്ന നിലയിൽ വസ്ത്രം വിതരണം ചെയ്യുകയായിരുന്നു.

രാമുവിന്റെ അടുത്തെത്തിയപ്പോൾ ചോദിച്ചു.നിങ്ങളെത്ര

പേരുണ്ട്?രാമു പറഞ്ഞു 'ഞാൻ മാത്രമേയുള്ളു ബാക്കിയുള്ളവരെല്ലാം പോയി'
ഇതു കേട്ടപ്പോൾ വസ്ത്രം കൊടുക്കുന്നയാൾക്ക് സങ്കടം തോന്നി, അയാൾ പോയി രാമുവിന് മാത്രമുള്ള വസ്ത്രങ്ങളെടുത്ത് കൊടുത്തു.

രാത്രി വളരെ തണുപ്പുണ്ടായിരുന്നു അവിടെ ക്യാമ്പിലുണ്ടായിരുന്ന ഒരു കുട്ടി വന്ന് രാമുവിന് പുതപ്പ് കൊടുത്തു.രാമു ആ കുട്ടിയുടെ മുഖത്തേക്ക് സൂക്ഷിച്ച് നോക്കി, അപ്പോഴാണ് അയാൾക്ക് മനസ്സിലായത് അത് തന്റെ വീടിനടുത്തുള്ള ഇല്ലത്തിലെ കുട്ടിയാണെന്ന്. രാമു വിചാരിച്ചു ഒരു പ്രളയം വന്നപ്പോൾ എല്ലാ ജാതികളും മാഞ്ഞുപോയി എല്ലാവരും മനുഷ്യർ മാത്രമായി .

പിറ്റേന്ന് ക്യാമ്പിലുണ്ടായിരുന്ന ഒരാൾ വായിക്കുന്ന പത്രമൊന്ന് വാങ്ങി നോക്കിയപ്പോളാണ് രാമു ആ വാർത്ത കണ്ടത്; തന്റെ ഭാര്യയുടെയും രണ്ട് കുട്ടികളുടെയും മൃതദേഹം കിട്ടിയിരിക്കുന്നു,തന്റെ മൂത്ത ആൺക്കുട്ടിക്കുള്ള തിരച്ചിൽ നടന്നുകൊണ്ടിരിക്കുകയാണെന്നും. ഇതറിഞ്ഞപ്പോൾ രാമുവിന്റെ കണ്ണുകൾ നിറഞ്ഞു.തന്റെ മകൻ എവിടെയായിരിക്കുന്നമെന്ന് അയാൾ ചിന്തിച്ചു.പത്രത്തിലുള്ള അവന്റെ മുഖം അയാൾ നോക്കിയിരുന്നു.

പത്രത്തിൽ വലിയ കെട്ടിടങ്ങൾ ഇടിഞ്ഞു കിടക്കുന്ന ചിത്രം കണ്ട് അയാൾ ചിന്തിച്ചു മനുഷ്യനാണ് എല്ലാത്തിനും കാരണക്കാരൻ,മനുഷ്യൻ പ്രകൃതിയും നമ്മളെ നോവിക്കുകയാണെന്ന് രാമുവിന് തോന്നി .

പ്രളയം അടങ്ങിയതിന് ,ശേഷം രാമു തന്റെ ഒരു

കുടുംബക്കാരുടെ വീട്ടിലായിരുന്നു.സ്വന്തം വീട്ടലേക്ക് എങ്ങനെ പോകുമെന്ന് അയാൾ ചിന്തിച്ചു.

അവിടെ വീടുമില്ല തന്റെ കുടുംബവുമില്ല,എന്തിനാണ് ദൈവമെ ഇങ്ങനെ പരീക്ഷിക്കുന്നത് എന്ന് അയാൾ ദൈവത്തോട് പരാതിപ്പെട്ടു.


A look towards green






മുക്കം നഗരസഭയുടെ
2019
സമഗ്ര ശുചിത്വ പരിപാലന
അഭിവാദ്യങ്ങൾ
MKH MMO VHSS FOR GIRLS, MUKKAM


മുക്കം നഗരസഭയുടെ
2019
സമഗ്ര ശുചിത്വ പരിപാലന
അഭിവാദ്യങ്ങൾ
MKH MMO VHSS FOR GIRLS, MUKKAM

# ഏട്ടൻ



മലയാറ്റൂർ എന്ന ഗ്രാമത്തിലെ ഒരു കൊച്ചു വീട്ടിലാണ് നമ്മുടെ രാജുവും,അമ്മുവും താമസിക്കുന്നത്.ചെറുപ്പത്തിൽ തന്നെ അമ്മയും,അച്ചനും നഷ്ട്ടപ്പെട്ടിരുന്നു, രാജുവിനും, അമ്മുവിനും.രാജുവിനു കൂട്ടായി അമ്മുവും,അമ്മുവിനു കൂട്ടായി രാജുവും മാത്രമായിരുന്നു ഉണ്ടായിരുന്നത്.

രാജുവിൻ ഒരേ ഒരു ആഗ്രഹം മാത്രമായിരുന്നു തനിക്ക് കിട്ടാതെ പോയ ഡോക്റ്റർ ജോലി അമ്മുവിൻ നേടി കൊടുക്കണമെന്ന്.അവൻ കഠിനാധ്വാനം ചെയ്യുന്നതെല്ലാം അവൾക്കു മാത്രമായിരുന്നു.അവന്റെ പോരായ്മ്കളെല്ലാം ഒളിച്ച് അവളെ അതൊന്നും അറിയിക്കാതെയാണ് വളർത്തിയത് . അവൻ പ്രാധാന്യം നൽകേണ്ടതെല്ലാം അവളെയോർത്ത് അവൻ

പതിയെ മറന്നുകൊണ്ടിരുന്നു.

അവൻ ജോലി ചെയ്തുണ്ടാക്കിയ പണം സ്വരൂപിച്ച് അവളെ പഠിപ്പിച്ചു. പിന്നെ ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരം കിട്ടിയ അമ്മു പട്ടണത്തിലേക്ക് പോയി. അപ്പോൾ രാജുവിന്ന് ഓർക്കാൻ കുഞ്ഞുനാളിൽ അവൻ വാങ്ങിക്കൊടുത്ത കുഞ്ഞുടുപ്പുണ്ടായിരുന്നു. അവളോട് അവനിലുള്ള സ്നേഹവും വാത്സല്യവും ആ കുഞ്ഞുടുപ്പിനോടായിരുന്നു അവൻ കാണിക്കാറുള്ളത്.

അവൻ അവളോട് അതിസന്തോഷങ്ങൾ പങ്കുവക്കുന്ന സമയങ്ങളിലെല്ലാം അവന് ചെറുതായിട്ട് ഒരു തലകറക്കം അനുഭവപ്പെടാറുണ്ടായിരുന്നു. അതിൽ നിന്ന് ആശ്വാസമേകാൻ അവന്റെ കയ്യിലുള്ള തലവേദനയുടെ മരുന്ന് കഴിക്കലാണ് പതിവ്.

ഒരു ദിവസം അവൻ ഉമ്മറത്തുള്ള തെങ്ങിന് തടം ഇട്ട് കൊടുക്കുമ്പോൾ അവൻ തല കറങ്ങി വീഴുകയുണ്ടായി. അപ്പോൾ ശക്തമായ മഴ പെയ്തു. അപ്പുറത്തെ വീട്ടിലെ രമണിച്ചേച്ചി തുണി എടുക്കാൻ പോയപ്പോയാണ് ഈ രംഗം കാണുന്നത്. രമണി പോയി അവളുടെ ഭർത്താവിനെയും കൂട്ടി രാജുവിന്റെ അടുക്കൽ ചെന്നു .

അവനെ ആശുപത്രിയിൽ എത്തിച്ചു. മഴയത്ത് തലകറങ്ങിവീണ രാജുവിന്റെ ദേഹം ദയനീയമായിരുന്നു. മൂക്കിൽ നിന്നും മതിവരാതെ രക്തം സ്രവിക്കുന്നുണ്ടായിരുന്നു. നാഡീസ്പന്ദനം ഇല്ലായിരുന്നു. കാൽകൈകളെല്ലാം ഉറച്ച മട്ടിൽ .

ആശുപത്രിയിൽ നിന്ന് രമണിച്ചേച്ചി അമ്മുവിനെ വിവരം അറിയിച്ചു. ഇതറിഞ്ഞ അമ്മു പെട്ടെന്നു തന്നെ ആശുപത്രിയിൽ എത്തി. അവൾ രമണിച്ചേച്ചിയോട് ചോദിച്ചു

"എന്താണെന്റെ ഏട്ടനു സംഭവിച്ചത്" രമണിച്ചേച്ചി അവളെ

നോക്കി, അപ്പോൾ അവൾ ആകെ കിതച്ച മട്ടിലായിരുന്നു. എന്നിട്ട് രമണിച്ചേച്ചി അവളുടെ മുഖത്തേക്ക് നോക്കി വിങ്ങിപ്പൊട്ടി. രമണിച്ചേച്ചിയുടെ മൗനം അവളെ തളർത്തി.

അപ്പോഴാണ് 'ഐ.സി.യു'യുടെ കതക് തുറക്കുന്നത് അത് ഡോക്ടറായിരുന്നു. അവൾ ഡോക്ടറുടെ അടുത്തേക്ക് ഓടിച്ചെന്നു. എന്നിട്ട് ഡോക്ടറുടെ കൈപിടിച്ച് ചോദിച്ചു:

"എന്താണെന്റെ ഏട്ടനു സംഭവിച്ചത്"

ഡോക്ടർ അവളുടെ കൈ ചേർത്തു പിടിച്ചു പറഞ്ഞു "സോറി നിന്റെ ഏട്ടനെ എനിക്കു രക്ഷിക്കാൻ കഴിഞ്ഞില്ല "

ഇതു കേട്ട അവൾ മദം പൊട്ടിയ മൃഗങ്ങളുടെ വന്യമായ നോട്ടം ഡോക്ടറുടെ നേർക്ക് നോക്കി.

ഡോക്ടർ പറഞ്ഞു"വിഷമിക്കരുത് അയാൾക്ക് ബ്ലഡ്ഡ് കാൻസർ ആയിരുന്നു, ഇതറിഞ്ഞ ഉടനെ നേരത്തെ അയാൾക്കുള്ള ട്രീറ്റ്മെന്റുകൾ നമുക്ക് ചെയ്യാമായിരുന്നു, അതുമല്ല തലകറങ്ങി വീണ സമയത്ത് രക്തം ഒരുപാട് നഷ്ടപ്പെട്ടിരുന്നു, അയാളെ നേരത്തെ ഇവിടെ എത്തിച്ചിരുന്നെങ്കിൽ... "

എന്നു പറയലും അവളുടെ തളർന്നു വീണ മുഖത്തേക്ക് നോക്കി ഡോക്ടർ പോയി.

അവൾക്ക് ഏട്ടൻ മരണക്കിടക്കയിൽ കിടക്കുന്നത് കാണാൻ സാധിക്കില്ലായിരുന്നു.


'ഐ.സി.യു'യുടെ കതക് തുറന്ന് അവൾ അവളുടെ ഏട്ടന്റെ അടുത്തേക്ക് ചെന്നു.

അവൾക്ക് ഡോക്ടേറ്റിൽ ഒന്നാം റാങ്ക് കൂടി പാസായപ്പോൾ കിട്ടിയ മെഡലും സർട്ടിഫിക്കറ്റും ആ ശരീരത്തിൽ അവൾ

അണിയിച്ചു. എന്നിട്ടു അവൾ പറഞ്ഞു:


"ഏട്ടന്റെ ആഗ്രഹം ഞാൻ സാധിച്ചു തന്നില്ലേ, അപ്പോഴേക്കും ഇതൊന്നും കാണാതെ പോയ്ക്കളഞ്ഞില്ലേ...."

രമണിച്ചേച്ചി അവളെ പുറത്തു കൊണ്ടുപോയി സമാധാനിപ്പിച്ചു.



Fidha Sherin
IX C

# വായനയെക്കുറിച്ച് അവർ........



- പറുദീസയിൽ ഒരു ലൈബ്രറി ഉണ്ടാവില്ലേ?

-ഗസ്തോൻ  ബാഷിലാര്

- ഞാൻ എപ്പോഴും സങ്കൽപ്പിക്കുന്നത് സ്വർഗം ഒരുതരത്തിലുള്ള വായന ശാലയാണെന്നാണ്

-ഹോർഹേ ലൂയി ബോർഹസ്

- പട്ടിണിയായ മനുഷ്യാ നീ പുസ്തകം കയിലെടുത്തോളൂ പുത്തനൊരായുധമാണ് നിനക്കത്  പുസ്തകം കയിലെടുത്തോളൂ

-ബ്രെഹ്ത്

- വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും വായിച്ച് വളർന്നാൽ വിളയും

വായിക്കാതെ വളർന്നാൽ വളയും

-കുഞ്ഞുണ്ണിമാഷ്

- ചെക്ക് ബുക്കിനേക്കാൾ വിലയേറിയതാണ് ഒരു നല്ല പുസ്തകം

-ഗാന്ധിജി

# കൃഷി ചൊല്ലുകൾ



- എല്ല് മുറിയെ പണിതാൽ പല്ല് മുറിയെ തിന്നാം.
- മുളയിലേ അറിയാം വിള.
- പടു മുളക്ക് വളം വേണ്ട.
- എല്ലാ വിത്തിനും വിളവൊന്നല്ല.
- എല്ലാ വിത്തും ഒരേ വയലിൽ വിതക്കരുത്.
- വിത്ത് ഗുണം പത്ത് ഗുണം.
- ഞാറുറച്ചാൽ ചോറുറച്ചു.
- ചേറിൽ കുത്തിയ കൈ ചോറിൽ കുത്താം.
- മത്തൻ കുത്തിയാൽ കുമ്പളം മുളക്കുമോ.

- വിതച്ചതേ കൊയ്യൂ .
- വിത്തിനനുസരിച്ച്  വിള .
- വിത്തു വിതച്ചാൽ മുത്തു വിളയുമോ?
- വിത്തെടുത്തു കുത്തരുത്.
- നെല്ലിൽ  പതിരും ചൊല്ലിൽ പിഴവും .
- നെല്ലിട തെറ്റിയാൽ വില്ലിട തെറ്റും .
- നെല്ലും,വിത്തും കോഴിക്ക് ഭേദമില്ല.
- നെല്ലു പോലിവിനു കൊടുത്തേടത് നിന്ന് അരി വായ്പ വാങ്ങരുത്.


Fidha
VIII B


Fahima Jibin
IX A

# شجرة كشمش



كانت عائشة دارسة في الصف الثالث. وهي تدرس في المدرسة الحكومية في قريتها . كانت من عادتها ان تروح الى المدرسة مبكرة وكانت تذهب الى المدرسة ماشية بجانب جدول صغيرة.

كان في الوسط الطريق شجرة كشمش وهي كبيرة مثمرة بثمر

كشمش .تحب عائشة هده الشجرة كثيرة.لانها تعطي لها ظلا

جميلا من الحارة. وفي المساع تلعب من تحتها مع الاصدقاع


وتسابقون الاثمار. يوم كانت لحصول عائشة تذهب الى المدرسة

كعادتها. لما وصلت عند الشجرة ويتحادثون ما فهمت عائشة

مرادهم. وهي تمشي الى المدرسة لكن تدور في نفسها سوال.

لماذا جاووا عند الشجرة؟ رجعت عائشة مساع الى البيت

. وصلت عند الشجرة .ما وجدت هناك شجرة كشمش



Hadiya Minu
IX E



الحمد لله كلمة قديمة

يجري بهاشكر ومدح دائما

قد انطق الله بها انسانا

علا لسان ادم ابينا

قد انزل الله كتابا بيننا

مفتتحا بسورة الحمد هنا

نشير فيها اهتمام حمدنا

فى كل وقت تنفس من عندنا

افضل منها اولا ايمننا

وبعده نرى اصورا بينا

بدأ الرحيم خمس سور قائلا

الحمد لله حول شكر مادحا



Fathima Nafiya
IX E

# हिन्दी : हमारी **राष्ट्र** भाषा




भाषा के द्वारा मनुष्य अपने विचारों को आदान- प्रदान करता है। अपनी बात को कहने के लिए और दूसरे की बात को समझने के लिए भाषा एक सशक्त साधन है ।

जब मनुष्य इस पृथ्वी पर आकर होश सम्भालता है तब उसके माता- पिता उसे अपनी भाषा में बोलना सिखाते हैं । इस तरह भाषा सिखाने का यह काम लगातार चलता रहता है ।प्रत्येक

राष्ट्र की अपनी अलग- अलग भाषाएं होती हैं । लेकिन उनका राज- कार्य जिस भाषा में होता है और जो जन सम्पर्क की भाषा होती है उसे ही राष्ट्र- भाषा का दर्जा प्राप्त होता है ।

भारत भी अनेक रज्य हैं । उन रध्यों की अपनी अलग- अलग भाषाएं हैं । इस प्रकार भारत एक बहुभाषी राष्ट्र है लेकिन उसकी अपनी एक राष्ट्रभाषा है- हिन्दी । 14 सितंबर 1949 को हिन्दी को यह गौरव प्राप्त हुआ । 26 जनवरी 1950 को भारत का अपना संविधान बना । हिन्दी को राजभाषा का दर्जा दिया गया । यह माना कि धीरे- धीरे हिन्दी अंग्रेजी का स्थान ले लेगी और अंग्रेजी पर हिन्दी का प्रभुत्व होगा ।

आजादी के इतने वर्षो बाद भी हिन्दी को जो गौरवपूर्ण स्थान प्राप्त होना चाहिए था वह उसे नहीं मिला । अब प्रश्न यह उत्पन्न होता है कि हिन्दी को उस का यह पद कैसे दिलाया

जाए ? कौन से ऐसे उपाय किए जाएं जिससे हम अपने लक्ष्य तक पहुँच सकें ।

यद्यपि हमारी राष्ट्र भाषा हिन्दी है, परन्तु हमारा चिंतन आज भी विदेशी है । हम वार्तालाप करते समय अंग्रेजी का प्रयोग करने में गौरव समझते हैं, भले ही अशुद्ध अंग्रेजी हो । इनमें इस मानसिकता का परित्याग करना चाहिए और हिन्दी का प्रयोग करने में गर्व अनुभव करना चाहिए । हम सरकारी कार्यालय बैंक, अथवा जहां भी कार्य करते हैं, हमें हिन्दी में ही कार्य करना चाहिए ।

निमन्त्रण-पत्र, नामपट्ट हिन्दी में होने चाहिए । अदालतों का कार्य हिन्दी में होना चाहिए । बिजली, पानी, गृह कर आदि के बिल जनता को हिन्दी में दिये जाने चाहिए । इससे हिन्दी का प्रचार और प्रसार होगा । प्राथमिक स्तर से स्नातक

तक हिन्दी अनिवार्य विषय के रूप में पढ़ाई जानी चाहिए ।

जब विश्व के अन्य देश अपनी मातृ भाषा में पढ़कर उन्नति कर सकते हैं, तब हमें राष्ट्र भाषा अपनाने में झिझक क्यों होनी चाहिए । राष्ट्रीय और अन्तर्राष्ट्रीय स्तर पर पत्र- व्यवहार हिन्दी में होना चाहिए । स्कूल के छात्रों को हिन्दी पत्र- पत्रिकाएं पढ़ने की प्रेरणा देनी चाहिए । जब हमारे विद्यार्थी हिन्दी प्रेमी बन जायेंगे तब हिन्दी का धारावाह प्रसार होगा । हिन्दी दिवस के अवसर पर हमें संकल्प लेना चाहिए:






Greeshma
IX B


# माँ



कितनी सुदंर मेरी
कितनी प्यारी मेरी माँ
तारें जैसी मेरी माँ
माँ मेरी आशा है
इस दुनिया में मुझे मिले
मेरी अमानत वह तू है माँ

जहाँ तू है वहा मैं हूँ खुश
तेरी छाया में सम्पूर्ण
परिवार राहता सुख
तेरी आभाव में ,मैं रहता
हूँ दुख

माँ तू है मेरी दुनिया
कितनी सुदंर है मेरी माँ
कितनी प्यारी मेरी माँ



Fathima Nadha M. T
X A

## HASH TAG





